**No. i3(RTI)-169379/2020/PHQ**
പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, കേരള
ശാസ്തമംഗലം, തിരുവനന്തപുരം-695010
Phone: 0471 2721547, e-mail: phq.pol@kerala.gov.in
തീയതി: /01/2021

# സർക്കുലർ നം. 02/2021

വിഷയം: വിവരാവകാശ നിയമം, 2005 പ്രകാരം അന്വേഷണത്തിലിരിക്കുന്ന കേസുകൾ സംബന്ധിച്ച വിവിധ വിവരം/രേഖകൾ വെളിപ്പെടുത്തുന്നത്-സംബന്ധിച്ച്

സൂചന: 15.02.2016 തീയതിയിലെ സർക്കുലർ നമ്പർ 01/2016

പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന ക്രൈം കേസുകളുടെ എഫ്.ഐ.ആർ, എഫ്.ഐ.എസ്, മൊഴിപ്പകർപ്പുകൾ, അന്വേഷണ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ, അന്വേഷണ പുരോഗതി, അറസ്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ, കേസന്വേഷണത്തിന്റെ തത്സ്ഥിതി മുതലായ വിവിധ വിവരം/രേഖകൾ ആവശ്യപ്പെട്ടുകൊണ്ട്, വിവരാവകാശ നിയമം, 2005 പ്രകാരം നിരവധി അപേക്ഷകൾ പോലീസ് സ്റ്റേഷനുകളിൽ/അന്വേഷണ ഉദ്യോഗസ്ഥരുടെ ഓഫീസുകളിൽ ലഭിക്കുന്നുണ്ട്. വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1(h) പ്രകാരം അന്വേഷണ പ്രക്രിയയേയോ, പ്രോസിക്യൂഷൻ നടപടികളെയോ തടസപ്പെടുത്തുന്നതായ വിവരം/രേഖകൾ വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിലും പല അപ്പീൽ അപേക്ഷകളിലും അന്വേഷണവുമായോ, അന്വേഷണ ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ടതോ ആയ വിവരം/രേഖകൾ നൽകുവാൻ നിർദ്ദേശിക്കുന്നതായും ആയത് അന്വേഷണ ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതായും സ്റ്റാഫ് കൗൺസിൽ യോഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

വിവരാവകാശ നിയമം കൊണ്ടുള്ള സുതാര്യതയും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന ഗുണങ്ങളും തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം തന്നെ നിയമപരവും, സുരക്ഷാപരവും രഹസ്യ സ്വഭാവം ഉൾക്കൊള്ളുന്നതുമായ നിയന്ത്രണങ്ങൾ കൂടി ശ്രദ്ധിച്ച് വിവരാവകാശ നിയമ പ്രകാരം ലഭിക്കുന്ന ഓരോ അപേക്ഷയിലും വിവേചന ബുദ്ധി ഉപയോഗിച്ച് മറുപടി/വിവരം നൽകാൻ വിവരാവകാശ നിയമ പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള അധികാരികൾ ബാധ്യസ്ഥരാണ്. ആയതിനാൽ എഫ്.ഐ.ആർ, എഫ്.ഐ.എസ്, കേസ് ഡയറി, മൊഴിപ്പകർപ്പുകൾ, തത്സ്ഥിതി, അന്വേഷണ ഉദ്യോഗസ്ഥരുടെ വിശദാംശങ്ങൾ തുടങ്ങിയവ ആവശ്യപ്പെട്ടുകൊണ്ട് ലഭിക്കുന്ന വിവരാവകാശ അപേക്ഷകൾ വിവരാവകാശ നിയമത്തിലെ ബന്ധപ്പെട്ട താഴെ പറയുന്ന വകുപ്പുകൾക്ക് വിധേയമായി വിവേചന ബുദ്ധിയോടെ തീർപ്പാക്കേണ്ടതാണ്.

***<u>വകുപ്പ് 8(1)(e):</u>***

*"തക്കതായ അധികാര സ്ഥാനത്തിന് (competent authority) പൊതു ജനത്തിന്റെ ഭൂരിപക്ഷ താത്പര്യം അത്തരം വിവരത്തിന്റെ വെളിപ്പെടുത്തൽ ആവശ്യപ്പെടുന്നുവെന്ന് ബോദ്ധ്യപ്പെടുമ്പോഴല്ലാതെ വിശ്വാസാധിഷ്ഠിത ബന്ധത്തിൻമേൽ (Fiduciary relationship) ഒരു വ്യക്തിക്ക് ലഭ്യമായ വിവരങ്ങൾ" വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്.*

***<u>വകുപ്പ് 8(1)(g):</u>***

*"നിയമം നടപ്പിലാക്കുന്നതിനോ അല്ലെങ്കിൽ സുരക്ഷിതാവശ്യങ്ങൾക്കോ രഹസ്യ മായി സഹായം നൽകിട്ടുള്ളതും അല്ലെങ്കിൽ വിവരത്തിന്റെ ഉത്ഭവം തിരിച്ചറിയുന്നതും ഏതെങ്കിലും വ്യക്തിയുടെ ജീവനോ ശാരീരിക സുരക്ഷിതത്വത്തിനോ അപകടമായി തീരാവുന്നതുമായ വിവരം" വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്.*

***<u>വകുപ്പ് 8(1)(h):</u>*** *"അന്വേഷണത്തിന്റെയോ കുറ്റവാളികളുടെ അറസ്റ്റിന്റെയോ, പ്രോസിക്യൂ ഷൻ നടപടിക്രമത്തിനെ തടസപ്പെടുത്തുമെന്നുള്ള വിവരം" വെളിപ്പെടുത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതാണ്.*

***വകുപ്പ് 8(1)(j):***

*വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെടുന്ന വിവരം ഒരു വ്യക്തിഗത വിവരവുമായി ബന്ധപ്പെട്ടിരിക്കുന്നിടത്തും അതിന്റെ വെളിപ്പെടുത്തൽ പൊതുതാത്പര്യവുമായോ അല്ലെങ്കിൽ പൊതു പ്രവർത്തനവുമായോ യാതൊരു ബന്ധമില്ലാത്തിടത്തും അല്ലെങ്കിൽ വ്യക്തിയുടെ സ്വകാര്യതയെ അനാവശ്യമായി ബാധിക്കുമെന്നുള്ളപ്പോഴും അത്തരത്തിലുള്ള വിവരത്തിന്റെ വെളിപ്പെടുത്തലിനെ ഭൂരിപക്ഷ പൊതുജന താത്പര്യം ന്യായീകരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുന്നുവെങ്കിലല്ലാതെയും നൽകുന്നതിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.*

***വകുപ്പ് 11:***

*വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെടുന്ന ഒരു വിവരം/രേഖ മൂന്നാം കക്ഷിയിൽ നിന്നും ലഭിച്ചതായിരിക്കുകയും ആയത് മൂന്നാം കക്ഷി രഹസ്യ സ്വഭാവത്തിൽ കണക്കാക്കുന്നതുമായ വിവരം ആണെങ്കിൽ അത്തരം വിവരം വെളിപ്പെടുത്താൻ ഉദ്ദേശിക്കുന്ന പക്ഷം വിവരാവകാശ അപേക്ഷ ലഭിച്ച് 5 ദിവസത്തിനുള്ളിൽ ആയത് വെളിപ്പെടുത്തുന്നത് സംബന്ധിച്ച അഭിപ്രായമോ, ആക്ഷേപമോ അറിയുന്നതിലേക്കായി ടി മൂന്നാം കക്ഷിക്ക് ഒരു കത്ത് / നോട്ടീസ് നൽകേണ്ടതും ടി മൂന്നാം കക്ഷിയുടെ അഭിപ്രായം കൂടി പരിഗണിച്ചു മാത്രം അത്തരം അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.*

വ്യക്തികളുടെ സുരക്ഷയെയും, കേസുകളുടെ തുടരന്വേഷണത്തെയും പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള വിവരങ്ങൾ വിവരാവകാശ നിയമത്തിലെ വകുപ്പ് 8(1(h)-ന്റെ പരിധിയിൽ പ്രത്യക്ഷത്തിൽ ഉൾപ്പെട്ടുവരുന്നതിനാൽ അത്തരം വിവരാവകാശ അപേക്ഷകളിൻമേൽ നടപടി സ്വീകരിക്കുമ്പോഴും, മറുപടി നൽകുമ്പോഴും വിവേചന ബുദ്ധി ഉപയോഗിക്കാതെ യാന്ത്രികമായി തീരുമാനങ്ങൾ എടുക്കുന്ന പ്രവണത കർശനമായും ഒഴിവാക്കേണ്ടതാണ്. കൂടാതെ, വിവരാവകാശ അപേക്ഷയിൻമേൽ അപേക്ഷകന് വിവരം/രേഖകൾ ലഭ്യമാക്കാതെ നിരസിക്കാൻ/നിഷേധിക്കാൻ തീരുമാനമെടുക്കുന്ന സാഹചര്യത്തിൽ, ആയതിന്റെ കാരണം ***<u>വിവരാവകാശ നിയമം, 2005-ലെ ബന്ധപ്പെട്ട വകുപ്പുകൾ വ്യക്തമാക്കി/ ഉദ്ധരിച്ച്</u>*** അപേക്ഷകന് മറുപടി ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Sd/-
**ലോക്നാഥ് ബെഹ്റ ഐ.പി.എസ്**
ഡയറക്ടർ ജനറൽ ഓഫ് പോലീസ് &
സംസ്ഥാന പോലീസ് മേധാവി
കേരളം

**//അംഗീകാരത്തോടെ//**

**മനോജ് എബ്രഹാം ഐ.പി.എസ്**
അഡീ. ഡയറക്ടർ ജനറൽ ഓഫ് പോലീസ് (എച്ച്.ക്യൂ)

സ്വീകർത്താവ്

**ലിസ്റ്റ് ഡി -യിൽ ഉൾപ്പെട്ട എല്ലാ ഓഫീസർമാർക്കും**

പകർപ്പ്:
**പോലീസ് ആസ്ഥാനത്തെ എല്ലാ ഓഫീസർമാർക്കും**
**സംസ്ഥാന പോലീസ് മേധാവിയുടെ സി.എ**
**കേരളാ പോലീസ് വെബ്സൈറ്റ് / സർക്കുലർ ബുക്ക് / ഡി സ്പേസ്**